'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ. ശശിധരൻ നായർ വി., അസി. എഞ്ചിനീയറുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യു) വകുപ്പ്**

**സ.ഉ.(സാധാ) നം.1555/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/07/2019

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 11.03.2016 ലെ ഇ4/1472/2016/സിഇ/തസ്വഭവ നം. നടപടിക്രമം.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.06.2019, 20.07.2019 തീയതികളിലെ ഇ3/13485/2018/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.07.2019ലെ ഇ3-13485/2018/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

**ഉത്തരവ്**

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന ഓവർസീയറായി ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് അസി.എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ച് 20.10.2009 പൂർവ്വാഹ്നത്തിൽ സ്ഥാനമേൽക്കുകയും ചെയ്ത ശ്രീ. ശശിധരൻ നായർ വി. , അസി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കാലയളവിൽ നിർബന്ധമായും പാസ്സാകേണ്ട വകുപ്പുതല പരീക്ഷ പാസ്സായിരുന്നില്ല. എന്നാൽ, ടിയാന്റെ ജനനതീയതി 22.07.1963 ആകയാൽ ടിയാന് 21.07.2013-ൽ 50 വയസ്സ് തികഞ്ഞിട്ടുണ്ട്. ആയതിനാൽ വകുപ്പുതല പരീക്ഷ പാസാകുന്നതിൽ നിന്ന് ടിയാനെ ഒഴിവാക്കാവുന്നതാണ്. 22.07.2013പൂർവ്വാഹ്നത്തിൽ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലയളവ് 23.07.2013 അപരാഹ്നം വരെ ദീർഘിപ്പിച്ച് നൽകേണ്ടതായിട്ടുണ്ട്. പ്രൊബേഷൻ കാലയളവിൽ ടിയാൻ 62 ദിവസത്തെ പരിവർത്തിതാവധി വിനിയോഗിച്ചിട്ടുണ്ട്.

ശ്രീ.ശശിധരൻ നായർ വി.ക്ക് എതിരെ നിലവിലുള്ള വിജിലൻസ് കേസിൽ പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ വിചാരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ടി കേസിൽ വിചാരണ ആരംഭിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ടിയാന്റെ പ്രൊബേഷൻ കാലയളവ്, ടിയാൻ വിനിയോഗിച്ച 62 ദിവസത്തെ പരിവർത്തിതാവധി കൂടി കണക്കിലെടുത്ത്, പരാമർ ശം (3) പ്രകാരം 21.12.2012 അപരാഹ്നം വരെ ദീർഘിപ്പിക്കുകയും തുടർന്ന്, ടിയാനെതിരെയുള്ള വിജിലൻസ് കേസിൽ വിചാരണനടപടികൾ ആരംഭിച്ചിട്ടില്ലാത്തതിനാലും, ടിയാൻ 31.07.2019 ൽ സർവീസിൽ നിന്ന് വിരമിക്കുന്നതിനാലും, ടിയാൻ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് മറ്റ് എല്ലാ തരത്തിലും അർഹനായതിനാലും , ടിയാന്റെ പ്രൊബേഷൻ കാലയളവ് 23.07.2013 അപരാഹ്നം വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. ശശിധരൻ നായർ വി. യുടെ അസി.എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് 22.12.2012 പൂർവ്വാഹ്നം മുതൽ 23.07.2013 അപരാഹ്നം വരെ 1958 ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ എബ്രഹാം**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1 ശ്രീ. ശശിധരൻ നായർ വി., അസി. എഞ്ചിനീയർ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2 ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ